**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2530** **12-12-2022 - ൽ മറുപടിയ്ക്ക്**

**തവനൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം പൊളിച്ച് മാറ്റിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ തവനൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം നാഷണൽ ഹൈവെ വികസനത്തിന്റെ ഭാഗമായി പൊളിച്ചുമാറ്റിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിയ്ക്കായി ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ആയതിന്മേലുള്ള നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ? | (സി) | മലപ്പുറം ജില്ലയിലെ തവനൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം നാഷണൽ ഹൈവേ എക്സ്റ്റൻഷന്റെ ഭാഗമായി പൊളിച്ച് നീക്കേണ്ടി വന്ന സാഹചര്യത്തിൽ, ഹൈവേ എക്സ്റ്റൻഷൻ ആവശ്യാർത്ഥം നടന്ന സ്ഥലമെടുപ്പിന് ശേഷം ബാക്കി വന്ന സ്ഥലത്ത് പഞ്ചായത്ത് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ അഭ്യർത്ഥിച്ചുകൊണ്ട് തവനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. തുടർന്ന്, പ്രസ്തുത വിഷയത്തിൽ സർക്കാർ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് തേടിയിട്ടുണ്ട്. ആയത് ലഭ്യമാവുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ